രജിസ്ട്രേഷൻ വകുപ്പിലെ നവീകരണ പദ്ധതികൾ

214 (1684) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയിട്ടുള്ള നവീകരണപദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(ബി) ഇനി എന്തെല്ലാം നവീകരണപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ആലോചിക്കുന്നുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) NLRMP പദ്ധതിയിൽ ഉൾപ്പെടുത്തി, സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

215 (1685) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില കുറച്ചുകാണിച്ച് ആധാരം രജിസ്റ്റർ ചെയ്തതിനുള്ള നടപടികളിൽനിന്ന് പഞ്ചായത്ത് പ്രദേശങ്ങളിലെ അഞ്ച് സെന്റിൽ താഴെയുള്ള ഭൂമി ഇടപാടുകൾ ഒഴിവാക്കുമോ ;

(ബി) എങ്കിൽ ഈ ഇളവ് ഏതുസമയംവരെയുള്ള ആധാരങ്ങൾക്ക് ലഭ്യമാകും ; എത്ര ഇടപാടുകാർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാകുമെന്നാണ് കരുതുന്നത് ;

(സി) ഇപ്പോൾ ഏത് കാലാവധിവരെയുള്ള ആധാരങ്ങളെയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) ഈ പദ്ധതിവഴി ഇടപാടുകാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെ ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) ഈ പദ്ധതിവഴി സർക്കാരിന് ഇതിനകം എത്ര തുക ലഭിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കുടിശ്ശികയായ അണ്ടർ വാല്വേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അനുസരിച്ച്, 31-3-2010 വരെയുള്ള, പഞ്ചായത്ത് പ്രദേശങ്ങളിലെ 5 സെന്റിൽ താഴെ ഭൂമി ഉൾപ്പെടുന്ന ആധാരങ്ങളെ ടി നടപടിയിൽനിന്ന് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുടിശ്ശികയായ അണ്ടർ വാലുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അനുസരിച്ച്, 31-3-2010 വരെയുള്ള, പഞ്ചായത്ത് പ്രദേശങ്ങളിലെ 5 സെന്റിൽ താഴെ ഭൂമി ഉൾപ്പെടുന്ന ആധാരങ്ങളെ ടി നടപടിയിൽനിന്ന് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 31-3-2009 വരെയുള്ള കുടിശ്ശിക അണ്ടർ വാലുവേഷൻ കേസ്സുകളിൽ, പഞ്ചായത്ത് പ്രദേശങ്ങളിലെ 5 സെന്റിൽ താഴെ ഭൂമി ഉൾപ്പെടുന്ന 2,30,440 ആധാരങ്ങളെ ടി പദ്ധതി പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്.

(സി) 31-3-2010-വരെയുള്ള ആധാരങ്ങളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) ആധാരത്തിൽ എത്ര തന്നെ വില കുറച്ച് കാണിച്ചിട്ടുണ്ടെങ്കിലും, ആയതിന് സബ് രജിസ്ട്രാർ എത്ര തന്നെ തുക അടയ്ക്കുന്നതിനായി റിപ്പോർട്ട് ചെയ്തിരുന്നാലും ആയതിന് ജില്ലാ രജിസ്ട്രാർ എത്ര കൂടിയ തുക അടയ്ക്കണമെന്ന് ഉത്തരവായിരുന്നാലും ടി പദ്ധതി പ്രകാരമുള്ള നിശ്ചിത തുക ഒടുക്കി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമ നടപടികളിൽനിന്ന് മുക്തി നേടാവുന്നതാണ്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിങ്ങനെ മൂന്ന് മേഖലയാക്കി തിരിച്ച് കൈമാറ്റം ചെയ്യുന്ന ഭൂമിയുടെ പരിധി അടിസ്ഥാനമാക്കിയാണ് ഈടാക്കേണ്ട മുദ്രവില തീരുമാനിക്കുന്നത്. മുദ്രവില കണക്കാക്കുന്നതിനുള്ള പട്ടിക, അനുബന്ധമായി ചേർത്ത് കൊള്ളുന്നു.* ടി പദ്ധതി പ്രകാരം ഈടാക്കുന്ന മുദ്ര വിലയ്ക്ക് പുറമേ കൂടുതലായി രജിസ്ട്രേഷൻ ഫീസോ മറ്റ് പിഴകളോ ഒടുക്കേണ്ടതില്ല. പഞ്ചായത്ത് പ്രദേശങ്ങളിൽ കൈമാറ്റ ഭൂപരിധി 5 സെന്റിൽ താഴെയാണെങ്കിൽ ടി കേസുകളെ ഈ പദ്ധതി പ്രകാരം തുക അടയ്ക്കുന്നതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

(ഇ) ടി പദ്ധതി പ്രകാരം 31-1-2011 തീയ്യതി വരെ ₹ 67,43,59,116 ലഭിച്ചിട്ടുണ്ട്.

കുറഞ്ഞ തുകയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വസ്തുവിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

216 (T1686) ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ തുകയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വസ്തുവിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഇതേവരെ എത്ര രൂപ ലഭിച്ചിട്ടുണ്ട് ;

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നുവരെ ദീർഘിപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഫ്ളാറ്റ്/അപ്പാർട്ട്മെന്റ് എന്നിവയ്ക്ക് എത്ര തുകയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly